**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2419** **02-08-2021 - ൽ മറുപടിയ്ക്ക്**

**കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം നഗരത്തോട് ചേർന്നുള്ള കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും തടസ്സങ്ങൾ നീക്കി നിർമ്മാണം എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) | പാലത്തിന്റെ ഒരു വശത്തു നിന്നും രണ്ടു കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായി വന്നതിനാലാണ് പദ്ധതിയിൽ കാലതാമസം നേരിട്ടത്. ടി വിഷയത്തെ സംബന്ധിച്ച് നിരവധി തവണ ജില്ലാകളക്ടറുമായി നടത്തിയ ചർച്ചകൾക്ക് ശേഷം ഇപ്പോൾ രണ്ട് കുടുംബങ്ങളെയും ടി സ്ഥലത്ത് നിന്ന് മാറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ കാലാവധി നിലവിൽ കഴിഞ്ഞിട്ടുള്ളതാണ്. പഴയ നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ഇപ്പോൾ തയ്യാറല്ല എന്നും നിലവിലെ നിരക്കിൽ പ്രവൃത്തി തുടരാൻ അനുവദിച്ചാൽ തുടർന്ന് ചെയ്യാൻ സന്നദ്ധനാണെന്നും കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി തുടരുന്നതിനുള്ള സാങ്കേതിക നിർദ്ദേശത്തിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള എഞ്ചിനീയർമാർ 21.07.2021-ൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചിട്ടുള്ളതാണ്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ